**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6286** **07.11.2016 ൽ മറുപടിയ്ക്ക്**

**<u>വ്യാജ ലൈസൻസുകൾ</u>**

| **ചോദ്യം**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | **ഉത്തരം**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനം ഓടിക്കാനറിയാത്തവർക്ക് ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാകുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള ആരോപണങ്ങൾ മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഫോട്ടോ, ആധാർകാർഡ്, ആവശ്യമായ തുക എന്നിവ നൽകിയാൽ മണിപ്പൂരിൽ നിന്ന് വ്യാജ ലൈസൻസുകൾ സംസ്ഥാനത്തേക്കെത്തുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ വ്യാജ ലൈസൻസുകൾ കണ്ടെത്താൻ ഇതിനകം എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; | (സി) | വാഹന പരിശോധനാ സമയത്ത് ലൈസൻസ് പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനത്ത് നിന്നും ലഭിച്ച ലൈസൻസുകൾ മേൽവിലാസം മാറ്റുന്നതിനായി ഹാജരാക്കുമ്പോൾ പ്രസ്തുത ലൈസൻസുകളുടെ സാധുത ആരാഞ്ഞതിന് ശേഷം മാത്രമേ മേൽവിലാസം മാറ്റി നൽകാറുള്ളൂ. |
| (ഡി) | വ്യാജ ലൈസൻസുകൾ കണ്ടെത്തിയാൽ ലഭിക്കുന്ന പരമാവധി ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരം കേസുകളിൽ ഐ.പി.സി. 466 വകുപ്പ് പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയാണ് ശിക്ഷ വിധിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**